compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2021 ഒക്ടോബർ 19
**Tuesday, 19th October 2021**

1197 തുലാം 3
**3rd Thulam 1197**

1943 ആശ്വിനം 27
**27th Aswina 1943**

വാല്യം 10
**Vol. X**

നമ്പർ / **No.** **41**

## Part III

## Police Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ ഇ2-3363/2021/KEPA. 2021 സെപ്റ്റംബർ 29.

തൃശ്ശൂർ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ അധീനതയിലുള്ളതും കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ പോലീസ് വകുപ്പിൽ ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്ത താഴെ പറയുന്ന വാഹനങ്ങൾ 25-10-2021-ാം തീയതി 11 മണിക്ക് തൃശ്ശൂർ കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ വെച്ച് കോവിഡ്-19 മാനദണ്ഡങ്ങൾ എല്ലാം പാലിച്ചുകൊണ്ട് പരസ്യ മായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഒരു ഡോസ് കോവിഡ് വാക്സിനേഷൻ എടുത്തവരായിരിക്കണം.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം (₹) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL-01-AS 3653 | കൈനറ്റിക് 4S | 2008 | 120 |
| 2 | KL-01-AY 6009 | മഹീന്ദ്ര ഫ്ളൈറ്റ് | 2011 | 150 |
| 3 | KL-01-AY 7443 | മഹീന്ദ്ര ഫ്ളൈറ്റ് | 2011 | 150 |
| 4 | KL-01-AY 7747 | മഹീന്ദ്ര ഫ്ളൈറ്റ് | 2011 | 150 |
| 5 | KL-01-AU 6728 | മഹീന്ദ്ര ഫ്ളൈറ്റ് | 2011 | 150 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് തന്നെ മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടിയിരിക്കേണ്ടതും കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ ലേലത്തിന് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ കാര്യാലയത്തിൽ 24-10-2021-ാം തീയതി 4 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കേരള പോലീസ് അക്കാദമി ഡയറക്ടറുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ച രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ 'വാഹന ലേലത്തിനുള്ള ദർഘാസ്' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ടെണ്ടറിലോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്. ലേലത്തിനെടുത്തയാൾ ഉടൻ തന്നെ ലേല/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേല സ്ഥലത്ത് വച്ച് തന്നെ അടച്ചു രസീത് വാങ്ങേണ്ടതും, ലേല/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ നികുതിയും അടച്ച് സ്വന്തം ചിലവിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പറഞ്ഞ വാഹനങ്ങൾ ലേല തീയതിക്ക് മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ ഏതെങ്കിലും സമയത്ത് കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ലേല നടപടി റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം കേരള പോലീസ് അക്കാദമിയിലെ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

കേരള പോലീസ് അക്കാദമി, (ഒപ്പ്),

തൃശ്ശൂർ. അസിസ്റ്റന്റ് ഡയറക്ടർ അഡ്മിനിസ്ട്രേഷൻ (i/c)

(ഡയറക്ടർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ലേലപ്പരസ്യം

നമ്പർ ഇ2-18462/2021/ഡബ്ല്യു. 2021 സെപ്റ്റംബർ 15.

വയനാട് ജില്ലാ സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗ യോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന വകുപ്പ് വാഹനങ്ങൾ 2021 ഒക്ടോബർ മാസം 27-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

| *Sl. No.* | *Reg. No.* | *Types of Vehicle* | *Year* | *Upset Value* (₹) |
|---|---|---|---|---|
| 1 | KL 01 AH 5382 | M/C | 2005 | 150 |
| 2 | KL 01 AH 5398 | M/C | 2005 | 150 |
| 3 | KL 01 AH 1953 | M/C | 2005 | 150 |
| 4 | KL 01 AH 1952 | M/C | 2005 | 150 |
| 5 | KL 01 AH 1933 | M/C | 2005 | 150 |
| 6 | KL 01 AH 1947 | M/C | 2005 | 150 |
| 7 | KL 01 AH 5387 | M/C | 2005 | 150 |
| 8 | KL 01 AH 5385 | M/C | 2005 | 150 |
| 9 | KL 01 AH 1943 | M/C | 2005 | 150 |
| 10 | KL 01 AN 3855 | SUMO | 2006 | 3,500 |
| 11 | KL 01 AH 5397 | M/C | 2005 | 150 |
| 12 | KL 01 AH 5379 | M/C | 2005 | 150 |
| 13 | KL 01 AH 1928 | M/C | 2005 | 150 |
| 14 | KL 01 AH 1949 | M/C | 2005 | 150 |
| 15 | KL 01 AH 5396 | M/C | 2005 | 150 |
| 16 | KL 01 AX 4397 | SUMO | 2009 | 4,200 |
| 17 | KL 01 AK 5785 | M/C(BULLET) | 2005 | 4,500 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേൽപറഞ്ഞ വാഹനങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി നേരിട്ടോ തപാൽ മാർഗമോ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ മുദ്രവെച്ച കവറിൽ 26-10-2021-ാം തീയതി വൈകുന്നേരം 4 മണിക്കകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം വാഹനത്തിന്റെ നിരതദ്രവ്യമായി നിശ്ചയിച്ചിരിക്കുന്ന തുകയുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും വയനാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. ദർഘാസുകൾ അയയ്ക്കുന്ന കവറിനു പുറത്ത് പോലീസ് വകുപ്പ് വാഹനങ്ങളുടെ ലേലത്തിനുള്ള ദർഘാസ് എന്നെഴുതി കവർ മുദ്ര വെക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരസ്യ ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ/ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം ബന്ധപ്പെട്ടയാളുടെ പേരിൽ ഉറപ്പിക്കുന്നതായിരിക്കും. ലേലം കൊണ്ടയാൾ ഉടനെ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം ഒഴികെ നികുതിയടക്കം ലേലസ്ഥലത്തുവച്ച് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പെടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്. മേൽപറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം/ദർഘാസ് കൊണ്ടയാൾ ഉത്തരവാദിയാകുന്നതും പുനർലേലത്തിൽ മുൻ വിൽപനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ലേലം/ദർഘാസ് കൊണ്ടയാൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ലേലം ചെയ്യാനുദ്ദേശിക്കുന്നതുമായ വാഹനങ്ങൾ ലേലത്തിനു മുൻപുള്ള 15 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ വയനാട് ജില്ലാ സായുധസേനാ വിഭാഗം അസി. കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേല നടപടികൾ മാറ്റിവയ്ക്കാനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുവാനോ ഉള്ള പൂർണ്ണ അധികാരം വയനാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
വയനാട്.

ഡോ. അരവിന്ദ് സുകുമാർ ഐ.പി.എസ്.,
ജില്ലാ പോലീസ് മേധാവി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.19 12:29:02 +05:30